പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2585 **28-10-2026-ൽ മറുപടിയ്ക്ക്**

തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്വയംപര്യാപ്ത – അംബേദ്കർ ഗ്രാമം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ;

മറുപടി: തിരുവമ്പാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. 2021-22 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെട്ട കാരശ്ശേരി പഞ്ചായത്തിലെ കൂവ്വപ്പാറ പട്ടികജാതി നഗർ വികസന പദ്ധതി പ്രവൃത്തി (ഭരണാനുമതി തുക 99,99,772/-) പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ആകെ 21,96,211/-) രൂപ അനുവദിച്ചിട്ടുണ്ട്.
2. 2024-25 വർഷത്തെ 1/3 കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെട്ട കാരശ്ശേരി പഞ്ചായത്തിലെ പുതിയേടത്ത് നാഗേരിക്കുന്ന് നഗർ റോഡ് പ്രവൃത്തി പൂർത്തിയാക്കി നടപ്പ് വർഷം 6,30,127/- അനുവദിച്ചിട്ടുണ്ട്.

ഇവ കൂടാതെ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത പദ്ധതികളായ ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം, പഠനമുറി, സേഫ്, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, സ്വയംതൊഴിൽ സബ്സിഡി, വിദേശതൊഴിൽ ധനസഹായം എന്നീ പദ്ധതികളും തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇവയ്ക്കെല്ലാം ഫണ്ട് ലഭ്യമാക്കുന്നതിനനുസരിച്ച് അപേക്ഷകൾ തീർപ്പാക്കി വരുന്നു.

2021-22 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ കാരശ്ശേരി പഞ്ചായത്തിലെ കൂവ്വപ്പാറ പട്ടികജാതി നഗർ വികസനപദ്ധതിയിൽ പൂർത്തീകരിക്കാൻ ശേഷിക്കുന്ന 4 ഫുട്പാത്തുകളുടെയും, ഒരു റോഡിന്റെയും പ്രവൃത്തി, സ്ഥലം വിട്ടുകിട്ടുന്നതിലുള്ള താമസം /സ്ഥലം മാർക്ക് ചെയ്ത് ലഭിക്കാത്തത് കാരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ, വിശദമാക്കുമോ; ഇല്ലെങ്കിൽ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവമ്പാടി മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് സ്വയംപര്യാപ്ത- അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: 2026-27 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്ന ഫീസിബിളായ പട്ടികജാതി നഗറുകളുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക് തലത്തിൽ സ്വീകരിച്ച് വരുന്നുണ്ട്. എവിടെയൊക്കെ നടപ്പിലാക്കുന്നുവെന്ന കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഊരുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) എങ്കിൽ എവിടെയൊക്കെ എന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമനം	വർഷം	പദ്ധതിയുടെ പേര് (പദ്ധതി തുക)	നിർവ്വഹണ ഏജൻസി	നിലവിലെ സ്ഥിതി
1	2020-21	അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി- ചിപ്പിലിത്തോട് -കരിമ്പിൽ (1 കോടി)	ULCCS Ltd.	പ്രവൃത്തി പുരോഗമിക്കുന്നു. അന്തിമ ഘട്ടത്തിലാണ്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് പൂർത്തീകരിക്കാനാകും.
2	2022-23	അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി - മാങ്കുന്ന് & മഞ്ഞക്കടവ് (1 കോടി)	കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്	5 ഭവനങ്ങളുടെ നിർമ്മാണവും 6 ഭവനങ്ങളുടെ പുനരുദ്ധാരണവും പൂർത്തീകരിച്ചു. കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് മുഖേന നടത്തേണ്ട 49 ലക്ഷം രൂപയുടെ പൊതുവായ പ്രവൃത്തികൾ കരാറുകാരൻ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരന് നോട്ടീസ് അയച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ അറിയിച്ചു.
3	2022-23	അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി - മുത്തപ്പൻ പുഴ (1 കോടി)	തിരുവമ്പാടി ഗ്രാമപഞ്ചായത്ത്	തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് മുഖേന നടത്തേണ്ട പൊതുവായ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി എം.ഒ.യു (മുദ്രപത്രം) ഒപ്പുവെച്ച് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഇതുവരെ ലഭ്യമായിട്ടില്ല. ഗുണഭോക്താവ് നേരിട്ട് നിർവ്വഹണം നടത്തുന്ന ഭവന പുന:രുദ്ധാരണ പ്രവൃത്തിയ്ക്കായി തുക അനുവദിച്ചു. പ്രവൃത്തി പുരോഗമിക്കുന്നു.
4	2022-23	അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി ചുള്ളിയകം - (50 ലക്ഷം)	കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്	ഡി.പി.ആർ തയ്യാറാക്കി വരുന്നു.

5	2025-26	അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി - നാക്കിലമ്പാട് & പയോണ (1 കോടി)	പുതുപ്പാടി ഗ്രാമപഞ്ചായത്ത്	മോണിറ്ററിംഗ് കമ്മിറ്റി ഡി.പി.ആർ അംഗീകരിച്ച് സാങ്കേതിക പരിശോധന നടത്തി ഭരണാനുമതിക്ക് ശിപാർശ ചെയ്യുന്നതിനായുള്ള ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു.
6	2025-26	അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി കല്ലംപുല്ല് & കാടോത്തിക്കുന്ന് (1 കോടി)	കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്	ഡി.പി.ആർ തയ്യാറായിട്ടുണ്ട്. ഡി. പി.ആർ അംഗീകരിക്കുന്നതിനായിമോണിറ്ററിംഗ് കമ്മിറ്റി യോഗം ചേരുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.